(സി) ഈ കേസിലെ തെളിവിലേക്കുള്ള രേഖകൾ ഷഹീദയുടെ വിവാഹം നടന്ന നെയ്യാറ്റിൻകരയിൽ നിന്നും തെളിവിലേക്കു സ്വീകരിച്ചും, പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് വാങ്ങിയും കൂടുതൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. അന്വേഷണം തുടരുന്നു.

(ഡി) സ്ത്രീധന പീഡന മരണത്തിനാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

സുരേഷ് ബാബുവിന്റെ മരണകാരണവും വാസുമാസ്റ്ററുടെ ആത്മഹത്യാ ശ്രമവും സംബന്ധിച്ച അന്വേഷണം

74. (74) ശ്രീ. ടി. എൻ പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി എരഞ്ഞോളിയിലെ സി. പി. എം. ബ്രാഞ്ച് സെക്രട്ടറി കെ. സുരേഷ് ബാബു രക്തപതാക കയ്യിൽകെട്ടി ആത്മഹത്യ ചെയ്തതും ആലക്കോട് ഗ്രാമപഞ്ചായത്തിൽനിന്നും സി.പി.എം. ടിക്കറ്റിൽ തിരഞ്ഞെടുക്കപ്പെട്ട കെ. വാസുമാസ്റ്റർ പഞ്ചായത്ത് പുറംപോക്കിൽ നിന്നും മുറിച്ച മരത്തിന്റെ കുറ്റിയിൽ സി. പി. എം. പാർട്ടി പതാക പുതച്ച ശേഷം വിഷം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതും സംബന്ധിച്ച് കേസ്സുകൾ എടുത്തിട്ടുണ്ടോ; മരണകാരണമെന്തായിരുന്നു;

(ബി) പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എരഞ്ഞോളിയിലെ സി. പി. എം. ബ്രാഞ്ച് സെക്രട്ടറി സുരേഷ് ബാബു ആത്മഹത്യ ചെയ്ത സംഭവത്തോടനുബന്ധിച്ച് തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 401/05 അസ്വാഭാവികമരണമായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂറി ഇടപാടിൽ സാമ്പത്തിക ബാദ്ധ്യത ഉള്ളതുകൊണ്ട് ഇയാൾ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്ന സി. പി. എം. പാർട്ടിയിൽ നിന്നും ഇതേ പ്രശ്നത്തിന്റെ പേരിൽ മാറ്റി നിർത്തിയതിന്റെ മനോവിഷമമാണ് മരണകാരണം. ആലക്കോട് ഗ്രാമ പഞ്ചായത്തിൽനിന്നും സി. പി. എം. ടിക്കറ്റിൽ തിരഞ്ഞെടുക്കപ്പെട്ട കെ. വാസു മാസ്റ്റർ പഞ്ചായത്ത് പുറംപോക്കിൽനിന്നും മുറിച്ച മരത്തിന്റെ കുറ്റിയിൽ സി. പി. എം. പാർട്ടി പതാക പുതച്ചശേഷം വിഷം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതായി പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കേസ്സെടുത്തിട്ടില്ല.

(ബി) ബാധകമല്ല.

കർഷകരുടെ ആത്മഹത്യ

75. (75) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും അവരുടെ ജില്ല തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനം കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലോരോന്നിലും എത്ര കർഷകർ ആണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(സി) കേരളത്തിലെ കർഷകരുടെ കടബാദ്ധ്യത എത്ര ശതമാനമാണെന്നാണ് നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിനു വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള ആശ്വാസ നടപടികൾ എന്തൊക്കെയായിരുന്നു എന്നു പറയാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2001 മുതൽ 2004 വരെ സംസ്ഥാനത്ത് 213 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2005-ൽ 21 കർഷകർ ആത്മഹത്യ ചെയ്തതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) ജില്ലാ കളക്ടർമാർ നൽകിയ റിപ്പോർട്ട് അനുസരിച്ച് 2000 മുതൽ 2004 വരെ 218 കർഷകർ ആത്മഹത്യ ചെയ്തു എന്ന് കലണ്ടർ വർഷത്തെ ആസ്പദമാക്കിയുള്ള കണക്കാണ് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്.

(സി) നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഓരോ കർഷക കുടുംബത്തിന്റെയും ശരാശരി കടബാദ്ധ്യത 33907 രൂപയാണ്.

(ഡി) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കു വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള ആശ്വാസ നടപടികൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതിനാലുള്ള ആത്മഹത്യ

76. [76] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രയാസങ്ങളാൽ ബാങ്ക് ലോണുകളും മറ്റു ലോണുകളും തിരിച്ചടക്കാൻ കഴിയാതെ എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

†, †† അനുബന്ധം XI, XI എ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
17	ശ്രീ. കെ. സി. വേണുഗോപാൽ ടൂറിസം വകുപ്പുമന്ത്രി	3	74,813
18	ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ആരോഗ്യവകുപ്പ് മന്ത്രി	2	58,480
19	ശ്രീ. എം. കെ. മുനീർ പൊതുമരാമത്ത് വകുപ്പുമന്ത്രി	2	1,00,160
20	ശ്രീ. ഡൊമനിക് പ്രസന്റേഷൻ ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി	2	32,735
21	ശ്രീ. ആര്യാടൻമുഹമ്മദ് വൈദ്യുതി വകുപ്പുമന്ത്രി	7	1,33,790
22	ശ്രീ. സുജനപാൽ വനം വകുപ്പുമന്ത്രി	1	ഇല്ല

അനുബന്ധം XI, XI എ

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 75 (75) ദയവായി കാണുക]

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 മുതൽ 2005 വരെ സംസ്ഥാനത്ത് കടക്കെണിമൂലം ആത്മഹത്യ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	2001	2002	2003	2004	2005	ആകെ
തിരുവനന്തപുരം	–	–	–	3	–	3
കൊല്ലം	–	–	–	1	–	1
ആലപ്പുഴ	–	–	–	2	1	3
പത്തനംതിട്ട	–	–	–	–	1	1
ഇടുക്കി	–	–	–	3	–	3
കോട്ടയം	–	–	–	–	–	–
എറണാകുളം	–	–	1	3	–	4
തൃശ്ശൂർ	–	–	2	2	–	4
പാലക്കാട്	3	7	2	13	1	26

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	2001	2002	2003	2004	2005	ആകെ
മലപ്പുറം	—	—	—	—	—	—
കോഴിക്കോട്	—	—	—	1	—	1
വയനാട്	30	37	35	48	15	165
കണ്ണൂർ	—	—	—	7	—	7
കാസർഗോഡ്	—	—	—	13	3	16
	33	44	40	96	21	234

കടബാധ്യതമൂലം ആത്മഹത്യ ചെയ്ത 234 കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ടി. കുടുംബങ്ങളുടെ 50,000 രൂപവരെയുള്ള കാർഷിക കടങ്ങൾ ഒഴിവാക്കി കൊടുക്കുവാനും തിരിച്ചടവിന് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള 2 വർഷത്തെ മൊറട്ടോറിയം കാലാവധി 3 വർഷമായി ഉയർത്തുവാനും പുനർ വായ്പ പദ്ധതി ലഭ്യമാക്കി കർഷക കുടുംബങ്ങൾക്ക് അനുവദിച്ച വായ്പ കൺവെർട്ട്/ റീ ഷെഡ്യൂൾ ചെയ്ത് കടങ്ങളുടെ പലിശ ഒഴിവാക്കുവാനും മരിച്ച കർഷക കുടുംബങ്ങൾക്കുള്ള ധനസഹായം 50,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപ ആക്കുവാനും കേന്ദ്ര ഗവൺമെന്റിന് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

വരൾച്ചയും കൃഷിനാശവുംമൂലം കാർഷിക വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാത്ത കൃഷിക്കാരെ രക്ഷിക്കുന്നതിനായി കേരള കാർഷിക കടക്കാർ (താൽക്കാലി കാശ്വാസം) ആക്ടിൽ കർഷകർ എന്ന നിർവ്വചനത്തിൽ വരുന്ന വ്യക്തികൾ 29-12-2001-നു ശേഷമുള്ള പ്രസ്തുത ആക്ടിലെ "കടം" എന്ന നിർവ്വചന പ്രകാരമുള്ള സ്ഥാപനങ്ങളിൽ ഇന്നും നിലനിൽക്കുന്നതായ കാർഷിക കടങ്ങൾക്ക് മാത്രം 23-1-2004 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മൊറട്ടോറിയം കാലാവധിയിൽ പലിശയിലും പിഴപ്പലിശയിലും ഇളവനുവദിക്കുന്നതാണ്. ടി മൊറട്ടോറിയം കാലാവധിയുടെ പലിശയും പിഴപ്പലിശയും. നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീഇംപേഴ്സ് ചെയ്യുന്നതാണ്.

കൃഷിനാശംമൂലം വായ്പകൾ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ ദുരിതമനുഭവിക്കുന്ന കർഷകരിൽ നിന്നും, സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ, വായ്പാ സംഘങ്ങൾ എന്നിവയുൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും കാർഷിക വായ്പാ തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ജപ്തി നടപടികൾ 10-3-2004 മുതൽ 6 മാസത്തേക്ക് നിർത്തിവെച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്ന നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും ദീർഘകാല വായ്പകളുടെ കാലാവധി ഒരു വർഷം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ദീർഘിപ്പിച്ച സാഹചര്യത്തിലും 6 മാസക്കാലയളവിനുള്ളിൽ വായ്പാ തുക തിരികെ അടക്കാൻ കഴിയില്ലെന്ന് ബോദ്ധ്യമായ സാഹചര്യത്തിൽ കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾ 17-4-2004-മുതൽ ഒരു വർഷത്തേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവിറക്കിയിരുന്നു.

കാസർഗോഡ് ജില്ലയിലെ കർഷകർക്കായി പ്രത്യേകിച്ച് അടയ്ക്കാ കർഷകരുടെ കാർഷിക വായ്പകളിൻമേലുള്ള ജപ്തി നടപടികൾ 25-7-2005 മുതൽ ഒരു മാസത്തേക്കും 3-8-2005 മുതൽ 3 മാസത്തേക്കും 27-1-2006 മുതൽ ഒരു മാസത്തേക്കും നിർത്തിവെച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ ഇറക്കിയിരുന്നു.

രൂക്ഷമായ വരൾച്ചയും വെള്ളപ്പൊക്കവുംമൂലം വ്യാപകമായ വിളനാശം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ 3-8-2005 മുതൽ 3 മാസത്തേക്ക് സംസ്ഥാനത്ത് കാർഷിക വായ്പകളിന്മേലുള്ള നടപടികൾ നിർത്തിവെച്ചിരുന്നു. ആയത് 6 മാസത്തേക്കു കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ മറ്റു ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി 31-3-2005 വരെ വായ്പതുക അടച്ചു തീർക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 6 മാസത്തേക്ക് കൂടി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പുനർ വായ്പ പദ്ധതി പ്രകാരം സഹകരണസംഘങ്ങൾ നൽകുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് 8.5% ആയും 25,000 രൂപക്ക് മുകളിലുള്ള വായ്പകളുടെ പലിശ നിരക്ക് 9% ആയും നിജപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കൃഷിനാശംമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും മദ്ധ്യകാല വായ്പകളുടെ തിരിച്ചടക്കാത്ത ഗഡുക്കൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയും ആയതിന്റെ സമയപരിധി 31-1-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർ 2000-നു ശേഷം എടുത്തിട്ടുള്ള 50,000 രൂപവരെയുള്ള കാർഷിക വായ്പകൾക്ക് 2006 മാർച്ച് 31 വരെ പലിശ ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. 50,000 രൂപയിൽ കൂടുതൽ വായ്പയെടുത്തിട്ടുള്ളവർക്കും 50,000 രൂപ വരെ ടി ആനുകൂല്യം ലഭിക്കും. പലിശ അടച്ചു കഴിഞ്ഞവർക്ക് ഈ ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly